അംഗീകരിയ്ക്കുകയാണ് ചെയ്യുന്നത്. കമ്പോസ്റ്റ് യൂണിറ്റിൽ ചെയ്ത പ്രവൃത്തികൾ, പ്രവർത്തന ഫലമായുണ്ടായ കമ്പോസ്റ്റ് സംബന്ധിച്ച് വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. വളരെ കൃത്യമായും ഉത്തരവാദിത്വത്തോടുകൂടിയും നടത്തിവരുന്നു എന്നുള്ള വിവരം നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.രമേഷ് പി.കെ, പി.എച്ച്.സി.കാട്ടാമ്പാക്ക് സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആണ് എല്ലാ മാസവും ഓണറേറിയം നൽകിയിരിയ്ക്കുന്നത്. ഭൗതിക പരിശോധനയിൽ പ്രവത്തനങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. മാലിന്യം നിറഞ്ഞ് നിൽക്കുന്ന അവസ്ഥയിലുള്ള കമ്പോസ്റ്റ് യൂണീറ്റ് ആണ് നിലവിൽ ഉള്ളത്.



കമ്പോസ്റ്റ് യൂണിറ്റ് മാലിന്യം നിറഞ്ഞ് നിൽക്കുന്ന അവസ്ഥയിൽ

2017 മുതൽ ടി വ്യക്തിയ്ക്ക് തുടർ പരിപാലനത്തിന് പ്രോജക്റ്റ് പ്രകാരം തുക ചെലഴിയ്ക്കുന്നുണ്ട് എന്നല്ലാതെ ജൈവമാലിന്യ സംസ്ക്കരണം കൃത്യമായി നടക്കുകയോ പ്രവർത്തനഫലമായുണ്ടാകുന്ന കമ്പോസ്റ്റ് ഉപയോഗപ്രദമാക്കുകയോ ഗ്രാമപഞ്ചായത്ത് ചെയ്യുന്നില്ല.

പ്രയോജനപ്രദമായ രീതിയിൽ കമ്പോസ്റ്റ് യൂണിറ്റിന്റെ പ്രവർത്തനം മാറ്റേണ്ടതും തുടർ നടപടി അറിയിയ്ക്കേണ്ടതുമാണ്.

**1-27 എംസിഎഫ്--പ്ലാസ്റ്റിക്ക് ട്രാൻസ്പോർട്ടേഷന് വേണ്ടി വാങ്ങിയ പിക് അപ്പ് വാൻ ഉപയോഗിക്കുന്നില്ല**

| | |
|---|---|
| പ്രോജക്റ്റ് | നം.51/2025, ഹരിതകർമ്മസേനയുടെ പ്രവർത്തന ചെലവ് |
| അടങ്കൽ | 2,00,000/- രൂപ |
| ചെലവ് | 1,08,944/- രൂപ |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം./തീയതി | 295/17.07.2024, 23,750/- രൂപ<br>475/13.02.2024, 19,000/- രൂപ<br>566/22.01.2025, 9,000/- രൂപ<br>748/17.03.2025, 21,000/- രൂപ<br>825/24.03.2025, 7,000/- രൂപ<br>--------------<br>ആകെ - 79,750/-രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ., ഞീഴൂർ സർക്കിൾ |

ഹരിതകർമ്മ സേന അംഗങ്ങൾക്ക് ഗ്ലൗസ് ഉൾപ്പെടയുള്ള ശുചീകരണ സാധനങ്ങൾ വാങ്ങുന്നതിനും മാലിന്യ ട്രാൻസ്പോർട്ടേഷന് വാഹന വാടക നൽകുന്നതിനുമാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്. മേൽ പ്രോജക്റ്റ് പ്രകാരം 14 വാർഡുകളിലും ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിച്ചു വച്ചിരിയ്ക്കുന്ന പ്ലാസ്റ്റിക് മെയിൻ എം.സി.എഫിലേയ്ക്ക് മാറ്റിയ വകയിൽ വാഹന വാടക,കൂലി ചെലവ് ഇനത്തിൽ ശ്രീ.കെ.പി.ബേബി, പാറയ്ക്കൽ എന്നയാൾക്ക് മേൽ ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. മാർച്ച് 2024 മുതൽ ജൂലൈ 2024 വരെ 4750/- രൂപ വീതവും ആഗസ്റ്റ് 2024 മുതൽ മാർച്ച് 2025 വരെ 7,000/- രൂപ നിരക്കിലുമാണ് തുക നൽകിയിട്ടുള്ളത്.

06.07.2022 ലെ 2(2) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം 2022-23 വർഷം പ്ലാസ്റ്റിക്ക് ട്രാൻസ്പോർട്ടേഷന് വേണ്ടി ശ്രീ.പി.കെ.ബേബി, പാറയ്ക്കൽ എന്നയാളുടെ കവട്ടേഷൻ

അംഗീകരിയ്ക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടിയാളെ ടി ജോലിയ്ക്ക് നിയോഗിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിലെ ക്വട്ടേഷൻ നടപടിക്രമത്തിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/26.08.25) ലഭ്യമാക്കിയ മറുപടിയിൽ 09.12.2024 ലെ 3(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരമാണ് ടിയാളെ ജോലിയ്ക്ക് നിയോഗിച്ചിരിയ്ക്കുന്നത് എന്ന് അറിയിച്ചിട്ടുള്ളത്. ടി തീരുമാനത്തിൽ ഞീഴൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും മിനി എം.സി.എഫ്. ൽ നിന്നും മെയിൻ എം.സി.എഫിലേയ്ക്ക് മാലിന്യം നീക്കുന്നതിന് 2022ൽ നിശ്ചയിച്ച നിരക്ക് പ്രതിമാസം 4750/- രൂപയാണ് എന്നും പ്ലാസ്റ്റിക് സംഭരണം വർദ്ധിച്ച സാഹചര്യത്തിൽ മാനിന്യം നീക്കം ചെയ്യുന്നതിന് 2 ദിവസം വേണ്ടി വരുന്നതിനാൽ 2024 ഓഗസ്റ്റ് മുതൽ 7,000/- രൂപ പ്രതിമാസം നൽകുന്നതിനും തീരുമാനിച്ചു. 2022-23 സാമ്പത്തിക വർഷം 4.5 ലക്ഷം രൂപ ചെലവഴിച്ച് ഹരിത കർമ്മസേനയ്ക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് സ്വന്തമായി ഇലക്ട്രിക് പിക് അപ്പ് വാൻ (KL 67 D-0912) വാങ്ങിയിട്ടുണ്ട്. എന്നാൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം ലഭിയ്ക്കാത്തതിനാൽ നിലവിൽ പിക്ക്അപ് വാൻ ഉപയോഗിക്കുന്നില്ല. ആയതിനാൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ്പരിശീലനം നൽകി പിക് അപ്പ് വാൻ മാലിന്യ നീക്കത്തിന് ഉപയോഗിക്കേണ്ടതും വാഹന വാടക കൂലി ഇനത്തിലുള്ള ചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 1-28 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ കരാർ വെച്ച് ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം തുടങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | കൊടുത്ത തുക | എഗ്രിമെന്റ് വച്ച തീയതി |
|---|---|---|---|---|
| 1 | വത്സ തങ്കപ്പൻ, പറാട്ടിൽ | 10 | 2,20,000 | 08.03.2021 |

| | | | | |
|---|---|---|---|---|
| 2 | കുട്ടി, ഉള്ളാകുന്നേൽ | 7 | 40,000 | 08.03.2021 |
| 3 | പ്രസാദ് കെ.ജി, കൊച്ചുതുണ്ടിയിൽ | 14 | 3,30,000 | 23.12.2022 |
| 4 | തങ്കമണി, പുതിയപറമ്പിൽ | 12 | 2,00,000 | 27.12.2022 |
| 5 | കുഞ്ഞുമോൻ, കണ്ടംകാപ്പുങ്കൽ | 2 | 2,60,000 | 07.02.2023 |
| 6 | ഡാനിയേൽ പൈലോ, പാലത്താനം | 6 | 2,00,000 | 24.06.2023 |

ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താക്കൾ നിർവ്വഹണോദ്യോഗസ്ഥനുമായി വെച്ചിട്ടുള്ള കരാർ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കണം എന്നും തുക വിനിയോഗിച്ച് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ 12% പിഴപലിശ സഹിതം ഗുണഭോക്താവ് തിരികെ അടയ്ക്കണം എന്നം കരാർ നം. 7 പ്രകാരവും വ്യവസ്ഥ ചെയ്യുന്നുണ്ട്.

മേൽ ഗുണഭോക്താക്കൾ നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/29.08.2025 ന് ക്രമ.നം.1, 2 എന്നീ ഗുണഭോക്താക്കൾ മരണപ്പെട്ടു എന്നും മറ്റ് 4 പേർ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിന് തുടർ നടപടി സ്വീകരിയ്ക്കുന്നതാണെന്നും മറുപടി നൽകി.

ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുവാൻ അവശേഷിയ്ക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിന് തുടർ നടപടി സ്വീകരിയ്ക്കേണ്ടതും പൂർത്തീകരണ വിവരം അറിയിയ്ക്കേണ്ടതുമാണ്. ക്രമ നം. 1, 2 ന്റെ തുടർനടപടി വിവരവും അറിയിക്കേണ്ടതാണ്.

## 1-29 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ്

അനുവദിച്ചിട്ടുണ്ട്. 2021-2022 മുതൽ 2025-2026 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70,051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ, കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും, പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനുമുള്ള ആരോഗ്യമേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് പ്രയോജനപ്പെടുത്തുന്നു. ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിലൂടെ തദ്ദേശ സ്ഥാപനങ്ങളിലെ പൊതുജനാരോഗ്യ മേഖലയിൽ ജനോപകാരപ്രദമായ രീതിയിൽ കൂടുതൽ ഫലപ്രദമായി അടിസ്ഥാന സൗകര്യ വികസനം സാധ്യമാകുന്നുവെന്നത് യാഥാർത്ഥ്യമാണ്.

**<u>ഹെൽത്ത് ഗ്രാന്റ് വിനിയോഗം - സർക്കാർ ഉത്തരവുകളും സർക്കുലറുകളും</u>**

| ക്രമ നം. | ഉത്തരവ് നമ്പർ/തീയതി |
|---|---|
| 1) | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2) | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3) | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4) | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5) | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6) | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

**<u>ഹെൽത്ത് ഗ്രാന്റ് വിനിയോഗം - വിവിധ സ്കീമുകൾ</u>**

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ

ഏർപ്പെടുത്തുക.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിന്, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും, ചുമതലപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ച ശേഷം ഭരണസമിതി പരിഗണിച്ച്, പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

**<u>ആരോഗ്യ മേഖല - ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള ഏകോപനവും സാഹചര്യവും</u>**

ഞീഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ, പി. എച്ച്. സി മെയിൻ സെന്ററും അതിന്റെ ഭാഗമായി, FWC കാട്ടാമ്പാക്ക്, ഞീഴൂർ, വിളയംകോട്, മരങ്ങോലി എന്നിവയും, ഗവൺമന്റ് ആയുർവേദ ഡിസ്പൻസറിയും, ഗവൺമെന്റ് ഹോമിയോ ഡിസ്പൻസറിയും ഉൾപ്പെടെ 7 പൊതുജനാരോഗ്യ കേന്ദ്രങ്ങളാണുള്ളത്. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി, തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഫണ്ട് ചെലവഴിക്കുന്നുണ്ട്.

2021-2022 വർഷം മുതൽ 2024-2025 വർഷം വരെയുള്ള ഹെൽത്ത് ഗ്രാന്റ് വിശദാംശങ്ങൾ, ലഭ്യമാക്കിയ അടിസ്ഥാന സൗകര്യങ്ങൾ/ സേവനങ്ങൾ എന്നിവയുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 01/ 21.08.2025), ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ട്. പ്രസ്തുത മറുപടി, അതാത് വർഷങ്ങളിലെ ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികകൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള അതാത് വർഷങ്ങളിലെ ഞീഴൂർ ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ പ്രകാരമുള്ള, ലഭ്യമായ സ്കീമുകളിലെ ഹെൽത്ത് ഗ്രാന്റ് വിനിയോഗ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | മുന്നിരിപ്പ് (രൂപ) | ലഭ്യമായ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബാക്കി തുക (രൂപ) |
|---|---|---|---|---|
| **ഹെൽത്ത് ഗ്രാന്റ് (Scheme-I) -** | | | | |
| 2021-2022 | 0 | 0 | 0 | 0 |
| 2022-2023 | 0 | 0 | 0 | 0 |
| 2023-2024 | 0 | 2805500 | 0 | 2805500 |
| 2024-2025 | 2805500 | 94843 (Int.) | 286687 | 2613656 |
| **ഹെൽത്ത് ഗ്രാന്റ് (Scheme-III) -** | | | | |
| 2021-2022 | 0 | 0 | 0 | 0 |
| 2022-2023 | 0 | 260712 | 12489 | 248223 |
| 2023-2024 | 248223 | 767698 | 209833 | 806088 |
| 2024-2025 | 806088 | 340283 | 235193 | 911178 |
| **ഹെൽത്ത് ഗ്രാന്റ് (Scheme-IV) -** | | | | |
| 2021-2022 | 0 | 0 | 0 | 0 |
| 2022-2023 | 0 | 120604 | 0 | 120604 |
| 2023-2024 | 120604 | 332801 | 365899 | 87506 |
| 2024-2025 | 87506 | 520992 | 78978 | 529520 |

കാനറാ ബാങ്ക് ഞീഴൂർ ശാഖയിൽ നിലനിർത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് ഹെൽത്ത് ഗ്രാന്റിന്റെ വിനിമയം നടത്തുന്നത്.

| ഹെൽത്ത് ഗ്രാന്റ് ഇനം | ബാങ്ക് അക്കൗണ്ട് നം. |
|---|---|
| സ്കീം I - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കൽ | 110042052880 |

| | |
|---|---|
| സ്കീം III - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042052789 |
| സ്കീം IV - ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110042053050 |

**ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

സ്ഥല പരിമിതി മൂലം, 'പകൽവീട്' പ്രവർത്തിക്കുന്ന കെട്ടിടം ഭാഗികമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുജനാരോഗ്യ കേന്ദ്രം പ്രവർത്തിക്കേണ്ട സാഹചര്യം ഉള്ളതിനാൽ, സ്കീം I പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമ പഞ്ചായത്തിന്റെ വാർഡ് -XII -ലുള്ള, സബ് സെന്ററിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. പ്രസ്തുത സബ് സെന്റർ നിർമ്മാണത്തിന്റെ ഭാഗമായി, 2024-2025 വാർഷിക പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് എൽ. എസ്. ജി. ഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി (പ്രോജക്ട് നം. 335/ 2025) ഏറ്റെടുക്കുകയും 2,86,687/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് {(ബിൽ നം. 423/ 06.02.2025 (40,120/-) & ബിൽ നം. 618/ 22.03.2025 (2,46,567/-)}. 27/08/2025 -ലെ ഓഡിറ്റ് സ്ഥലപരിശോധനയിൽ, ബേസ്മെന്റ് & എർത്ത് ഫില്ലിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചതായി അറിയുന്നു.



സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതാത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ മെഡിക്കൽ ഓഫീസറാണ് നിർവ്വഹണം നടത്തുന്നത്.

സ്കീം 3 പ്രകാരം വിവിധ ഉപകരണങ്ങൾ (ESR അനലൈസർ, ലാപ്ടോപ്, പ്രിന്റർ തുടങ്ങിയവ), റീ ഏജന്റുകൾ എന്നിവ സ്ഥാപനത്തിലേക്ക് വാങ്ങിയിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളിലെ

ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ പ്രത്യേകമായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ, എല്ലാ സബ് സെന്ററുകളിലും മാസത്തിൽ ഒരു പ്രാവശ്യം നടത്തപ്പെടുന്ന വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റികളിൽ വിഷയം ചർച്ച ചെയ്യാറുണ്ടെന്ന് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

ഞീഴൂർ ഗ്രാമ പഞ്ചായത്തിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ, പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾക്ക് രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും, ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം, രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവ് എന്നിവ ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം, ഭരണസമിതിയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

**1-30 ജലജീവൻമിഷൻ പദ്ധതി പ്രവർത്തനങ്ങൾ**

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജലജീവൻമിഷൻ. ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥിരമായി ന്യായമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ നൽകി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ജലജീവൻ മിഷൻ ലക്ഷ്യം വയ്ക്കുന്നത്.
ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി ഞീഴൂർ ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും ഒടുക്കിയിട്ടില്ല. കൂടാതെ പ്രോജക്ടുകൾ പ്രകാരമോ, എം എൽ എ മാരുടെ ആസ്തിവികസന ഫണ്ടോ ജൽജീവൻമിഷനുവേണ്ടി വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. തനത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് തുക വകയിരുത്താത്തത് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലുൽപാദനത്തിന് ഇൻസെന്റീവ്- അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | പാലിന് സബ്സിഡി, നം.S0202/2025 |
| ചെലവ്, ഫണ്ടിനം | 41208/-, വികസന ഫണ്ട് (പൊതുവിഭാഗം) |

| | |
|---|---|
| | 1,28,961/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5,50,000/-, ജില്ലാ പഞ്ചായത്ത് വിഹിതം ആകെ- 7,20,169/- |

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും മൂന്നു രൂപ സബ്സിഡി കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനാണ് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്.സ ഉ (കൈ) നം.115/2022 തസ്വഭവ തീയതി 28.05.2022 സർക്കാർ ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിന് ഒരു സാമ്പത്തിക വർഷത്തിൽ നൽകാവുന്ന പരമാവധി തുക 40000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ശ്രീ.ജിജോമോൻ മാത്യു , ശ്രീ.ജോഷി മാത്യു എന്നീ കർഷകർക്ക് പരമാവധിയിലധികം തുക സബ്സിഡിയായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം, തീയതി | ബിൽ തുക | ശ്രീ.ജിജോമോൻ മാത്യുവിന് നൽകിയ സബ്സിഡി |
|---|---|---|---|
| 1 | 283/29.06.2024, | 4,26,403/- രൂപ | 30,264/- രൂപ |
| 2 | 284/29.06.2024, | 1,23,597/- രൂപ | 7,764/- രൂപ |
| 3 | 282/29.06.2024 | 20,627/- രൂപ | 8,703/- രൂപ |
| | ആകെ | | 46,731/- |

39

ശ്രീ.ജിജോമോൻ മാത്യുവിന് 6,731/- രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം വിതരണം ചെയ്തിട്ടുണ്ട്.

**പ്രോജക്ട് നം.126/25-പാലിന് സബ്സിഡി**

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | പാലിന് സബ്സിഡി, നം.S0.126/2025 |
| ചെലവ് ,ഫണ്ടിനം | 8,40,000/-, വികസനഫണ്ട് (പൊതുവിഭാഗം)<br>5,47,645/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>5,62,859/-, ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ-19,50,504 |

ശ്രീ.ജോഷി മാത്യുവിനു നൽകിയ സബ്സിഡി തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം, തീയതി | ബിൽ തുക | നൽകിയ സബ്സിഡി |
|---|---|---|---|
| 1 | 684/7.03.25 | 162094/- | 17160/- |
| 2 | 753/17.03.25 | 2,00,000/- | 12129/- |
| 3 | 346/27.12.24 | 4,90,311/- | 18099/- |
| | ആകെ | | 47,388/- |

ശ്രീ.ജോഷി മാത്യുവിനു (അക്കൗണ്ട് നം. 67297506372, IFSC SBIN 0070427) 7388/- രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം വിതരണം ചെയ്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ടുപേർക്കുമായി ആകെ 14119/- (6731+7388) രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (26/29.08.25) മറുപടി

ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക മേൽപറഞ്ഞവരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| (4/24)-14 | 7000 | 7000 | 0 | |
| (5/24)-14 | 7000 | 7000 | 0 | |
| (6/24)-14 | 7000 | 7000 | 0 | |
| (7/24)-14 | 7000 | 7000 | 0 | |
| (8/24)-14 | 7000 | 7000 | 0 | |
| (9/24)-14 | 7000 | 7000 | 0 | |
| (10/24)-14 | 7000 | 7000 | 0 | |
| (11/24)-13 | 6500 | 6500 | 0 | 10/24 -ൽ ഹെഡ് ക്ലർക്ക് പ്രമോഷനായി പോയതിനെ തുടർന്ന് 2024 ൽ മാത്രമാണ് ടി തസ്തികയിൽ പകരം |

42 38

2024-25 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നല്കിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | തൻവർഷം തിരിച്ചടച്ച തുക (പലിശ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ (KURDFC) ജി.ഒ (എം.എസ്) 68/2018/ തസ്വഭവ/ 18.05.2018 | 35,08,097/- | 49,16,984/- | *12,05,094/- | 0 | 72,19,987/- |

*ജി.ഒ. പ്രോജക്ട് സ്രോതസ്സിൽ കുറവ് ചെയ്തത്

1) വികസനഫണ്ട് (ജനറൽ): 5,68,694/- (Proj. No : 373/25)
2) വികസനഫണ്ട് (ജനറൽ) : 5,66,125/- (Proj. No : 375/25)
3) വികസനഫണ്ട് SCP : 33,734/- (Proj. No : 374/25)
4) വികസനഫണ്ട് SCP : 36,541/- (Proj. No : 376/25)

## 4-7 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക പ്രകാരം, ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി ഇനത്തിലെ 52084/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2022-23 | 1-24 | 52,084 | ശ്രീ.റോജി സേവ്യർ, കരാറുകാരൻ | 1240100733/06.07.2024 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | 2014-15, 2-1 | 2016-17 അനുബന്ധം 3 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2 | 2014-15, 2-2 | 2016-17 അനുബന്ധം 4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 3 | 2019-20, 1-15 | 2020-21 അദ്ധ്യായം 1.2(6) | പാലിയേറ്റീവ് കെയർ വാഹനം വാടകയ്ക്ക് എടുത്തതിൽ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

പേയ്മെന്റ് അക്കൗണ്ട്, 31/03/2025-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുകകളുടെ വിവരം

2024-25 ൽ സംയുക്ത പ്രോജക്റ്റിനായി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന്റെയും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 62000 | നം.181/25, ലൈഫ് ഭവന പദ്ധതി എസ്.സി. | 62000 | 0 |
| | 2024-25 | 3,81,508 | നം.നം.44/25-ലൈഫ് ഭവന പദ്ധതി ജനറൽ | 3,81,508 | 0 |
| | 2024-25 | 1,67,700 | നം.23/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 1,67,700 | 0 |
| | 2024-25 | 1,00,000 | നം.22/25, അങ്കണവാടി പൂരകപോഷകാഹാരം | 1,00,000 | 0 |
| | 2024-25 | 5,00,000 | നം.229/25, കുവേലി തിരുവമ്പാടി തോടിന്റെ സൈഡ് കെട്ട് | 5,00,000 | 0 |
| | 2024-25 | 2,00,000 | നം.262/25, ഞീഴൂർ പി.എച്ച്.സി.സബ്സെന്റർ മെയിന്റനൻസ് | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 5,00,000 | നം.76/25, ആക്കത്തടം ഊന്നുകല്ല് റോഡ് മെയിന്റനൻസ് | 5,00,000 | 0 |
| | 2024-25 | 6,00,000 | നം.276/25, വാക്കാട് വള്ളിപ്പാലം റോഡ് മെയിന്റനൻസ് | 6,00,000 | 0 |
| | 24-25 | 1,28,961 | നം.202/25, പാലിന് സബ്സിഡി | 1,28,961 | 0 |
| | 24-25 | 5,47,645 | നം.126/25, പാലിന് സബ്സിഡി | 5,47,645 | |
| | **ആകെ** | 31,87,814 | | 31,87,814 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2024-25 | 282156 | നം.66/25, സാന്ത്വന പരിപാലന പദ്ധതി | 282156 | 0 |
| | 24-25 | 5,50,000 | നം.202/25, പാലിന് സബ്സിഡി | 5,50,000 | 0 |
| | 24-25 | 5,62,859 | നം.126/25, പാലിന് സബ്സിഡി | 5,62,859 | 0 |
| **ആകെ** | | 13,95,015 | | 13,95,015 | 0 |

## 4-4 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം മൈനർ ഇറിഗേഷൻ വകുപ്പിന് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| മൈനർ ഇറിഗേഷൻ വകുപ്പ് | നം. S0377/25- വാക്കാട് മുക്കൻചാത്തി കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം--വിഹിതം കൈമാറൽ | 48,915 | 0 | 48,915 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

| | | | | |
|---|---|---|---|---|
| | | | | ജീവനക്കാരൻ പ്രവേശിച്ചത്. ആയതിനാലാണ് നവംബർ മാസത്തിൽ 13 ജീവനക്കാരുടെ പ്രീമിയം അടവാക്കിയത്. |
| (12/24)-14 | 7000 | 7000 | 0 | |
| (1/25)-14 | 7000 | 7000 | 0 | |
| (2/25)-14 | 7000 | 7000 | 0 | |
| (3/25)-14 | 7000 | 7000 | 0 | |
| | 83500 | 83500 | | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | | ഇല്ല | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| | ഇല്ല | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | | ഇല്ല | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 25.08.2025 ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ്

| | | | | |
|---|---|---|---|---|
| 4 | 2019-20, 1-19 | 2020-21 അദ്ധ്യായം 1.4(3) | തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിതം തുടർ പ്രവർത്തനങ്ങൾ ഇല്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 4,14,87,194 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 3,34,23,943 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 14,119/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1206005/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-16) | | 14,119/- | ശ്രീമതി ശിൽപ മോൾ എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 (1) | 78,400 | ഡോ.സൗമ്യ വി.ജോയ്. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കാട്ടാമ്പാക്ക് |
| 1-17(2) | 46,500 | ഡോ.സൗമ്യ വി.ജോയ്. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കാട്ടാമ്പാക്ക് |
| 1-18 | 99,912 | ശ്രീമതി ലീന കെ., ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ, കാട്ടാമ്പാക്ക് |
| 1-20 | 286687 | ശ്രീമതി മീര പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 544506 | ശ്രീ.ബിജു.എം.മാത്യൂസ്, സെക്രട്ടറി |
| 1-25 | 150000 | ശ്രീ.ബിജു.എം.മാത്യൂസ്, സെക്രട്ടറി |
| **ആകെ** | 1206005/- | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശിൽപ മോൾ എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, ഞീഴൂർ ഗ്രാമപഞ്ചായത്ത് | ഒലിപ്പുറത്ത്, കുന്നപ്പിള്ളി, പെരുവ – 686610 |

## -12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99 (ചെലവ്) | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(1)/22/03.08.2022 | 1 |
| 99-2000 (ചെലവ്) | കെ.എസ്.എ.കെ.ടി.എം പി8./ അദാ.22/1763(2)/22/03.08.2022 | 03 |
| 2000-01 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(3)/03.08.2022 | 2 |
| 2001-02 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(4)/03.08.2022 | 1 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി8(അദാ18)/38(8)/18 തീയതി 4.1.18/21.3.18 | 1 |
| 2009-10, 2010-11 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(5)/03.08.2022 | 1 |
| 2011-12 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(6)/03.08.2022 | 1 |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(7)/03.08.2022 | 3 |
| 2016-17 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(10)/03.08.2022 | 01 |
| 2017-18 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(11)/03.08.2022 | 3 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(12)/03.08.2022 | 7 |
| 2019-20 | കെ.എസ്.എ.കെ.ടി.എം പി8/984/2022/10.06.2022 | 9 |
| 2020-21 | കെ.എസ്.എ.കെ.ടി.എം പി8/2419/2023/19.04.2023 | 10 |
| 2021-22 | കെ.എസ്.എ.കെ.ടി.എം പി8/414/25/12.05.24 | 10 |
| 2022-23 | കെ.എസ്.എ.കെ.ടി.എം പി8/1816/23/25.03.2024 | 40 |
| 2023-24 | കെ.എസ്.എ.കെ.ടി.എം പി8/2020/24/15.03.25 | 26 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Date: 11/11/2025 Deputy Director

Kerala State Audit Department

**Audit Report appended to the Audit Certificate of Njeezhoor Grama Panchayat for the Year 2024-2025.**

**1.Major Observations**

1) Basic records are not available to verify the accuracy of General Fund and Capital Reserves of the Panchayat as on 31/03/2025.
2) Asset Register has not been updated.
3) Capital asset figures are not accurate.

**2.Other Observations**

1) As per Section 58 (4) (a) of the Kerala Panchayat Raj (Accounts) Rules, physical verification and reconciliation of stock shall be carried out at the end of every year. The stock valuation of the Grama Panchayat at the end of the year 2024-25, has not been included in the Annual Financial Statement (B-14) - Stock in hand (inventories). As per the balance sheet, the stock value of the Panchayat is NIL.
2) Kerala Panchayat Raj (Accounts Rules), Rule 17(2) has specified that, the monthly demand for each item of income to be accrued by the Gram Panchayat, shall be recorded through journal entry. On examining the ledgers of various income heads, demand entries were recorded only twice in the financial year.
3) Schedules B-5/ Secured Loans and B-16/ Prepaid Expenses in the Annual Financial Statement has not reconciled with each other and there exits differnce of Rs. 3120000/-. It may be adjusted accordingly.
4) RP-30 & B-4/ 320100202 : Health Grant Expenditure amount of Rs. 4,312/- on 02/04/2024 as per bank statement, is

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 (1) dated 23-05-2025 and submitted on 21-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Njeezhoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Njeezhoor Grama Panchayat as on 31-03-2025

not reflected in the concerned head of account. Hence, there exists a difference in the concerned receipt & balance heads.

5) CFC (Tied & Untied) - (B-4) & (B-17) schedules has not reconciled with each other. The amounts in Schedule (B-4)/ 320200104 & 320200113 has not been reconciled with the respective bank balance in Schedule (B-17). There exists a difference of Rs. 48,478/-. It may be adjusted accordingly.

6) Accumulated depreciation value of vehicles exceeded its net asset value as on 31/03/2025.

7) (B-15)/ 431500199 : As per the Annual Financial Statement, out of the redemption amount of Rs. 52,31,160/- of the institution, Rs. 8,90,572/- is the redemption amount from TSB -JV account in previous years. It may be adjusted accordingly.

8) Bank accounts and balances other than those of the institution, are maintained in the annual financial statements (Rs. 633,773/- in the Nationalised Bank Account Of Own Revenue Fund)

9) The amounts accounted in the balance sheet B-18/Loans, Advances and Deposits schedule, has not been adjusted. It may be adjusted accordingly.

10) Various amounts, including advances under various account heads, in the trial balance statement of the printed annual financial statement made available during the audit, do not match with the AFS values which has been submitted through online (AIMS).

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്